**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3033** | **18-03-2022 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ സ്പിൽവേ ഷട്ടറുകളുടെ ഓപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ് | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പെരിയാർ തീരത്തെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും മുല്ലപ്പെരിയാർ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ 24 മണിക്കൂർ മുമ്പെങ്കിലും ജില്ലാ ഭരണകൂടത്തെ അറിയിക്കണമെന്ന് കേരളം തമിഴ് നാട് സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്നാണ് ആവശ്യമുന്നയിച്ചതെന്ന് അറിയിക്കാമോ; | (എ) | 2016-ലെ നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റിയുടെ 36-ാമത് യോഗത്തിലും, ഷട്ടറുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ 24 മണിക്കൂർ മുൻപ് നൽകണമെന്ന നിർദ്ദേശം കമ്മിറ്റി ചെയർമാൻ നൽകിയിട്ടുള്ളതാണ്. കേന്ദ്രസർക്കാരിന്റെ ജലശക്തി മന്ത്രാലയത്തിന്റെ ജലവിഭവ, ആർ.ഡി ആന്റ് ജി.ആർ വകുപ്പിന്റെ 09/08/2020 തീയതിയിലെ Z-20011/2/2020-FM നമ്പർ ഉത്തരവിൽ ഡാമുകൾ/ റിസർവ്വോയറുകളിൽ നിന്നും ജലം തുറന്നു വിടുന്നതിനു മുമ്പായി അതാത് സംസ്ഥാന സർക്കാർ/UT/അധികാരികൾ/ഡാം അതോറിറ്റി എന്നിവർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. 30/11/2021 മുതൽ 06/12/2021 വരെ ക്രമമല്ലാത്ത രീതിയിൽ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ താഴ്ന്ന പ്രദേശങ്ങൾ, പ്രത്യേകിച്ച് വണ്ടിപ്പെരിയാർ പ്രദേശത്ത് വസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും ഹാനിയുണ്ടാക്കുന്ന രീതിയിലുള്ള തമിഴ്നാട് അധികൃതരുടെ പ്രവർത്തിയെ കേരളം, ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും ചോദ്യം ചെയ്തുകൊണ്ട്, പ്രഥമ അവസരത്തിൽ തന്നെ 30/11/2021-ലെ D.O.No.ISWC1 /76/2021-WRD പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറി തമിഴ്നാട് ചീഫ് സെക്രട്ടറിയ്ക്ക് കത്ത് അയക്കുകയും, അതിനു ശേഷം 02/12/2021-ലെ D.O.No.1345/2021/CM പ്രകാരം സംസ്ഥാന മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് അയയ്ക്കുകയും, ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തമിഴ്നാട് ഉദ്യോഗസ്ഥർക്ക് നൽകാനും മതിയായ മുന്നറിയിപ്പ് നൽകിയതിനു ശേഷം മാത്രമേ |

| | | | |
|---|---|---|---|
| | | | ജലം വലിയ അളവിൽ ഒഴുക്കി വിടാൻ പാടുള്ളൂ എന്നും ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ സംഭരണിയിലെ ജലനിരപ്പ് ക്രമീക രിച്ച്, തുടർന്നുള്ള ഡാമിലേയ്ക്കുള്ള നീരൊഴുക്കിനെ സുരക്ഷിതമായി ഉൾക്കൊള്ളാനുള്ള വിധത്തിൽ ആവശ്യമായ Flood Cushion സംഭരണിയിൽ നിലനിർത്തണമെന്നും ആവശ്യപ്പെട്ടിരുന്നു. |
| (ബി) | പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് തമിഴ് നാട് സർക്കാരിന് നിർദ്ദേശം നൽകണമെന്ന് കേരളം സുപ്രീം കോടതിയിൽ രേഖാമൂലം ആവശ്യം ഉന്നയിച്ചിട്ടുണ്ടോയെന്നും എങ്കിൽ എപ്പോൾ നൽകിയ സത്യവാങ്മൂലത്തിലാണ് ആവശ്യമുന്നയിച്ചതെന്നും അറിയിക്കാമോ; | (ബി) | 30/11/2021 മുതൽ 06/12/2021 വരെയുള്ള കാലയളവിൽ ക്രമാനുഗതമല്ലാതെയും മറ്റും തമിഴ്നാട് അധികൃതർ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചതുമായി ബന്ധപ്പെട്ട്, 08/12/2021-ൽ ബഹു. സുപ്രീം കോടതിയിൽ കേരളം സമർപ്പിച്ച സത്യവാങ്മൂലത്തിൽ വേണ്ടത്ര മുന്നറിയിപ്പ് നേരത്തെ നൽകാതെ അസമയങ്ങളിൽ ജലം ഒഴുക്കി വിടുന്നത് ഒഴിവാക്കുന്നതിനും, കാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെ മുന്നറിയിപ്പുകൾ കണക്കിലെടുത്തു പകൽ സമയം ക്രമേണ അധിക ജലം ഒഴുക്കി ആവശ്യമായ Flood Cushion ജലസംഭരണിയിൽ നിലനിർത്തുന്നതിനുമുള്ള നിർദ്ദേശം തമിഴ്നാടിനു നൽകണമെന്നും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാവശ്യമായ സമയം ലഭ്യമാക്കുന്നതിനായി കഴിയുന്നതും സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ 24 മണിക്കൂർ മുൻപെങ്കിലും ജില്ലാ ഭരണകൂടത്തെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും, ഷട്ടർ ഓപ്പറേഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനായി കേരള-തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംയുക്ത സമിതിയെ ചുമതലപ്പെടുത്തണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | സ്പിൽവേ ഷട്ടറുകളുടെ ഓപ്പറേഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനായി കേരള-തമിഴ് നാട് ഉദ്യോഗസ്ഥരടങ്ങുന്ന സംയുക്ത സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കേരളം ഈ ആവശ്യം സുപ്രീം കോടതിയിൽ ഉന്നയിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; | (സി) | കേരളത്തിൽ സ്ഥിതി ചെയ്യുന്ന മുല്ലപ്പെരിയാർ ഡാമിന്റെ നടത്തിപ്പും മേൽനോട്ടവും വഹിക്കുന്നത് തമിഴ്നാടാണ്. ഇതിനു പുറമെ അണക്കെട്ടിന്റെ അറ്റകുറ്റപ്പണികളും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള അധികാരവും തമിഴ്നാട് സർക്കാരിൽ നിക്ഷിപ്തമാണ്. ഷട്ടർ ഓപ്പറേഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനായി കേരള-തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംയുക്ത സമിതിയെ ചുമതലപ്പെടുത്തണമെന്ന് 08/12/2021 തീയതിയിൽ ബഹു. സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ആവശ്യങ്ങൾ സുപ്രീംകോടതിയിൽ ഉന്നയിക്കുന്നതിനും തമിഴ് നാട് സർക്കാരിനോട് | (ഡി) | മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച കേരളത്തിന്റെ നിലപാട് ബഹു. സുപ്രീം കോടതിയുടെ |

| | | |
|---|---|---|
| | രേഖാമൂലം ആവശ്യപ്പെടുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ടോ; പ്രസ്തുത ആവശ്യങ്ങൾ നേരത്തെ ഉന്നയിച്ചിരുന്നുവെങ്കിൽ 2021 നവംബർ 30 മുതൽ ഡിസംബർ 6 വരെ മുന്നറിയിപ്പില്ലാതെ ഷട്ടറുകൾ തുറന്നതിലൂടെ ജനങ്ങൾക്കുണ്ടായ ആശങ്ക ഒഴിവാക്കാൻ സാധിക്കുമായിരുന്നില്ലേ എന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ? | ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച്ച ഉണ്ടായിട്ടില്ല. കേന്ദ്രസർക്കാരിന്റെ ജലശക്തി മന്ത്രാലയത്തിന്റെ ജലവിഭവ, ആർ.ഡി ആന്റ് ജി.ആർ വകുപ്പിന്റെ 09/08/2020 തീയതിയിലെ Z-20011/2/2020-FM നമ്പർ ഉത്തരവിൽ ഡാമുകൾ/ റിസർവ്വോയറുകളിൽ നിന്നും ജലം തുറന്നു വിടുന്നതിനു മുമ്പായി അതാത് സംസ്ഥാന സർക്കാർ/UT/അധികാരികൾ/ഡാം അതോറിറ്റി എന്നിവർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 2021 ഒക്ടോബർ മുതൽ തന്നെ കനത്ത മഴ സമയത്ത് ജലവിതാനത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ, തമിഴ്നാട് കൊണ്ടു പോകുന്ന ജലത്തിന്റെ അളവ് എന്നിവ ഡാമിന്റെ ചുമതലയുള്ള സംസ്ഥാന ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർ നിരീക്ഷിച്ചു വരികയും ഡാമിന്റെയും ഡാമിന്റെ കീഴ്ഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങളുടെയും സുരക്ഷ ഉറപ്പ് വരുത്തുവാനായി അണക്കെട്ടിൽ നിന്നും കൂടുതൽ ജലം തമിഴ്നാട് കൊണ്ടു പോകുവാനും ജലവിതാനം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ഡാമിന്റെ ഷട്ടറുകൾ തുറന്ന് ജലം പുറത്തേക്കൊഴുക്കുന്ന സാഹചര്യം ഉണ്ടായാൽ ആ വിവരം 24 മണിക്കൂറിനു മുമ്പായി കേരളത്തെ അറിയിക്കണമെന്നും കേരളം തമിഴ്നാടിനോടും, മേൽനോട്ട സമിതിയുടെ ചെയർമാനോടും, കേന്ദ്രസർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. 30/11/2021 മുതൽ 06/12/2021 വരെ ക്രമമല്ലാത്ത രീതിയിൽ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ താഴ്ന്ന പ്രദേശങ്ങൾ, പ്രത്യേകിച്ച് വണ്ടിപ്പെരിയാർ പ്രദേശത്ത് വസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും ഹാനിയുണ്ടാക്കുന്ന രീതിയിലുള്ള തമിഴ്നാട് അധികൃതരുടെ പ്രവർത്തിയെ പ്രഥമ അവസരത്തിൽ കേരളം, ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും ചോദ്യം ചെയ്തിരുന്നു. ഇത്തരം പ്രവൃത്തികൾ തുടർന്നും ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തമിഴ്നാട് ഉദ്യോഗസ്ഥർക്ക് നൽകാനും മതിയായ മുന്നറിയിപ്പ് നൽകിയതിനു ശേഷം മാത്രമേ ജലം വലിയ അളവിൽ ഒഴുക്കി വിടാൻ പാടുള്ളൂ എന്നും കേരളം തമിഴ്നാട് അധികൃതരോടും, മേൽനോട്ട സമിതി ചെയർമാനോടും, കേന്ദ്രസർക്കാരിനോടും ആവശ്യപ്പെട്ടിരുന്നു. കൂടാതെ, ഈ വിഷയവുമായി ബന്ധപ്പെട്ട വിവരങ്ങൾ ബഹു. സുപ്രീംകോടതി മുൻപാകെയും കേരളം സത്യവാങ്മൂലം സമർപ്പിച്ചിരുന്നു. എന്നാൽ എല്ലാ വ്യവസ്ഥകളും പാലിച്ചു കൊണ്ടും വളരെ സാധാരണവും |

| | | | |
|---|---|---|---|
| | | | ക്രമാനുഗതവുമായാണ് സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചതെന്നും, പെരിയാറിലെ ജലനിരപ്പുയരുന്നത് വളരെ സാധാരണമായ കാര്യമാണെന്നും, ആയതിനാൽ താഴ്ന്ന പ്രദേശങ്ങളിൽ ജലനിരപ്പുയർന്നതും പ്രളയസമാന സാഹചര്യമുണ്ടായതും മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്നും ഒഴുക്കിവിട്ട വെള്ളം കാരണമല്ലായെന്നുമാണ് തമിഴ്നാട് മറുപടി നൽകിയത്. മാത്രമല്ല, അണക്കെട്ടിനു താഴെയുള്ള പ്രദേശങ്ങൾ കൈയ്യേറി താമസിക്കുന്നവർക്കാണ് ജലനിരപ്പുയരുന്നത് കാരണം ബുദ്ധിമുട്ടുണ്ടാകുവാൻ സാധ്യതയെന്നും തമിഴ്നാട് അഭിപ്രായപ്പെട്ടു. അതിനു പുറമെ, 140,141,142 അടിയിൽ സംഭരണി യിലെ ജലനിരപ്പെത്തിയപ്പോൾ തന്നെ പ്രളയ മുന്നറിയിപ്പുകൾ നൽകിയിരുന്നെന്നും, അതിനാൽ ആവശ്യമായ നടപടികൾ ജില്ലാ ഭരണകൂടം സ്വീകരിക്കേണ്ടതായിരുന്നുമെന്നാണ് തമിഴ്നാടിന്റെ നിലപാട്. |

സെക്ഷൻ ഓഫീസർ